# കേരളസർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഒക്ടോബർ 9<br>October 9 | 2020 |
|---|---|

**1195 കന്നി 23 വെള്ളി**

# പത്രക്കുറിപ്പ്-1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

---

**മാസപൂജയ്ക്ക് പമ്പയിലേക്ക് ചെറിയ വാഹനങ്ങൾ കടത്തിവിടും**

**ശബരിമല തുലാമാസ പൂജ: ഭക്തർക്ക് കുളിക്കാൻ പ്രത്യേക സൗകര്യം ഏർപ്പെടുത്തും: ജില്ലാ കളക്ടർ**

കോവിഡ് പശ്ചാത്തലത്തിൽ പമ്പാ ത്രിവേണിയിൽ കുളിക്കുന്നതിന് നിരോധന മുള്ളതിനാൽ ശബരിമല തീർഥാടകർക്ക് സ്നാനം ചെയ്യുന്നതിന് പ്രത്യേക സംവിധാനം ഒരുക്കുമെന്ന് ജില്ലാ കളക്ടർ പി.ബി. നൂഹ് പറഞ്ഞു. ശബരിമല തുലാമാസ പൂജയ്ക്ക് മുന്നോടിയായി ഏർപ്പെടുത്തേ ക്രമീകരണങ്ങൾ വിലയിരുത്തുന്നതിന് വീഡിയോ കോൺ ഫറൻസ് മുഖേന വകുപ്പ് തല ഓഫീസർമാരുമായി നടത്തിയ അവലോകന യോഗത്തിനു ശേഷം സംസാരിക്കുകയായിരുന്നു ജില്ലാ കളക്ടർ.

ഇറിഗേഷൻ, ദേവസ്വം ബോർഡ്, വാട്ടർ അതോറിറ്റി വകുപ്പുകൾ സംയുക്തമായി ഭക്തർക്ക് കുളിക്കുന്നതിന് പ്രത്യേക സംവിധാനമൊരുക്കും. തുലാമാസ പൂജയ്ക്ക് മുൻപായി ഇവ പൂർത്തിയാക്കും. സ്ഥലം കെ ത്തുന്നതിനും ഭക്തർ കുളിക്കുന്ന വെള്ളം വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിലേക്ക് ഒഴുക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിശ്ചയിക്കുന്നതിന് തിരുവല്ല സബ് കളക്ടർ ചേതൻ കുമാർ മീണയെ ചുമതലപ്പെടുത്തി. സബ് കളക്ടറുടെ നേതൃത്വത്തിൽ ഇന്ന്(10 ശനി) ബന്ധപ്പെട്ട വകുപ്പ് പ്രതിനിധികളുമായി പമ്പയിൽ സന്ദർശനം നടത്തും.

മാസപൂജയ്ക്ക് പമ്പയിലേക്ക് താൽക്കാലികമായി ചെറിയ വാഹനങ്ങൾ കടത്തിവിടും. ആരോഗ്യ വകുപ്പിന്റെയും ദേവസ്വം ബോർഡിന്റേയും നേതൃത്വത്തിൽ ആന്റിജൻ പരിശോധന നടത്തും. കോവിഡ് പശ്ചാത്തലത്തിൽ പമ്പാനദിയിൽ ആരും കുളിക്കുന്നില്ലെന്നും, കോവിഡ് മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്നുെ ന്നും പോലീസ് ഉറപ്പുവരുത്തും. പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ ഫയർ ഫോഴ്സിന്റെ ഓരോ ടീമിനെ വിന്യസിക്കും.

ശബരിമല മാസപൂജയും മണ്ഡലകാല പൂജയുമായി ബന്ധപ്പെട്ട് സെപ്റ്റംബർ 28 ന് മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിലും ഇന്നലെ (9 വെള്ളി) ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രന്റെ നേതൃത്വത്തിലും യോഗം ചേർന്നിരുന്നു. (പിഎൻപി 4168/20)

## ഐടിഐ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു

പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള കൊടുമൺ ഐക്കാട് ഐടിഐയിൽ എൻസിവിടി അംഗീകാരമുള്ള ഡി/സിവിൽ, ഇലക്ട്രീഷ്യൻ ട്രേഡിലും, പന്തളം ചേരിക്കൽ ഐടിഐയിൽ എൻസിവിടി അംഗീകാരമുള്ള പ്ലംബർ ട്രേഡിലും, എസ്‌സിവിടി അംഗീകാര മുള്ള ഇലക്ട്രീഷ്യൻ, മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ ട്രേഡിലും പട്ടികജാതി, പട്ടികവർഗ, ജനറൽ വിഭാഗങ്ങളിലെ സീറ്റിലേക്ക് അപേക്ഷ ക്ഷണിച്ചു.

എസ്എസ്എൽസി ജയിച്ചവർക്ക് ംംം.രെററ.സല്യമഹമ.ഴീ.ശി എന്ന വെബ് സൈറ്റി ലുള്ള ഐടിഐ അഡ്മിഷൻ 2020 എന്ന ലിങ്കിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പി ക്കാം. പട്ടികജാതി വിഭാഗത്തിൽപെടുന്നവർക്ക് 80 ശതമാനം, പട്ടികർഗ വിഭാഗത്തിന് 10 ശ തമാനം, മറ്റ് വിഭാഗത്തിന് 10 ശതമാനം എന്നിങ്ങനെയാണ് സീറ്റുകൾ നിലവിലുള്ളത്. ഒക്ടോ ബർ 15 ന് വൈകിട്ട് അഞ്ചിനകം അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് കൊ ടുമൺ ഐടിഐ ഫോൺ-04734 280771, ചേരിക്കൽ ഐടിഐ ഫോൺ-04734 252243 എന്നീ നമ്പരുകളിൽ ബന്ധപ്പെടണം.

(പിഎൻപി 4169/20)

## കേരള മത്സ്യവിത്ത് ആക്ട്: രജിസ്ട്രേഷനും ലൈസൻസും ഉറപ്പാക്കണം

കേരളത്തിലെ മത്സ്യവിത്ത് ഉത്പാദനത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും വിപണനവും സംഭരണവും നിയന്ത്രിക്കുന്നതിനുമായി കേരള മത്സ്യവിത്ത് ആക്റ്റ് പ്രകാരമുള്ള നടപടികൾ ശക്തമാക്കുന്നു. സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം കൊല്ലത്ത് പ്രവർത്തനം ആരംഭിച്ചു. ഈ നിയമപ്രകാരം മത്സ്യവിത്ത് ഉത്പാദനം, മത്സ്യവിത്ത് വളർത്തൽ, വിപണനം, കയറ്റുമതി, ഇറക്കുമതി, സംഭരണം എന്നിവയ്ക്കായി വ്യക്തികൾ, സ്ഥാപനങ്ങൾ, ഏജൻസികൾ എന്നിവർ രജിസ്ട്രേഷനും ലൈസൻസും എടുത്തിരിക്കണം. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അഞ്ച് വർഷത്തെയും ലൈസൻസിന് ഒരു വർഷത്തെയും കാലാവധി ഉ ായിരിക്കും.

നിയമ പ്രകാരം മത്സ്യവിത്ത് ഹാച്ചറി, ഫാം, വിപണന കേന്ദ്രം (അലങ്കാരമത്സ്യം ഉൾപ്പെടെ) എന്നിവിടങ്ങളിൽ ആവശ്യമെന്നു കരുതുന്ന ഏതൊരു സമയത്തും പരിശോധന നടത്തുന്നതിനും സാമ്പിൾ ശേഖരിക്കുന്നതിനും ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർക്ക് അധികാരമു ായിരിക്കും. ലൈസൻസ് എടുക്കാതെ 1,000 രൂപയ്ക്ക് താഴെ വിലയുള്ള മത്സ്യവിത്തുകൾ വിതരണം ചെയ്താൽ 5,000 രൂപയാണ് പിഴ. 1,000 രൂപയ്ക്കു മുകളിൽ വിലയുള്ള മത്സ്യവിത്ത് ആണെങ്കിൽ വിത്തുവിലയുടെ അഞ്ചിരട്ടി ആയിരിക്കും പിഴ.

ര ാമതും കുറ്റം ആവർത്തിച്ചാൽ 10,000 മുതൽ 25,000 രൂപ വരെ പിഴ ഈടാക്കാവുന്നതും രജിസ്ട്രേഷനും ലൈസൻസും സസ്പെൻഡ് ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യാം. പത്തനംതിട്ട ജില്ലയിൽ മത്സ്യവിത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് കേരള മത്സ്യവിത്ത് ആക്റ്റ് പ്രകാരമുള്ള നടപടികൾ ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ ആരംഭിച്ചു കഴിഞ്ഞു. രജിസ്ട്രേഷൻ, ലൈസൻസ് എന്നിവയുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് ജില്ലാ ഫിഷറീസ് ഓഫീസുമായി ബന്ധപ്പെടണമെന്ന് പത്തനംതിട്ട ഫിഷറീസ് അ സിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. ഫോൺ 0468 2223134. (പിഎൻപി 4170/20)

## സമയപരിധി നീട്ടി

കേരള ഓട്ടോ മൊബൈൽ വർക്ക് ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ തൊഴിലാളികൾക്ക് കുടിശിക വിഹിതം ഒടുക്കുന്നതിനുള്ള കാലാവധി ഒക്ടോബർ 31 വരെ നീട്ടിയതായി പത്തനംതിട്ട ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.(പിഎൻപി 4171/20)

**ഫോട്ടോ അടിക്കുറിപ്പ്- ശബരിമല മീറ്റിംഗ്-**

കോവിഡ് പശ്ചാത്തലത്തിൽ തുലാമാസ പൂജയ്ക്ക് ശബരിമല സന്നിധാനത്തേക്ക് തീർഥാടകരെ പ്രവേശിപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങൾ വിലയിരുത്തുന്നതിന് നടത്തിയ വീഡിയോ കോൺഫറൻസിൽ ജില്ലാ കളക്ടർ പി.ബി. നൂഹ് സംസാരിക്കുന്നു.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.




Zoom Meeting
View
Participants (27)
Vinod Kumar Fir...
District Collector Pat...
Tahsildar Ranni
AE-NILACKAL
Manoj Kumar
DEVASWOM CO...
Akhila Bharatha ...
RDO ADOOR
Ee, KWA Pathana...
sub collector TVLA
AJITH KUMAR .R...
N V SANTHOSH (...
DYSP PTA
AE Pamba
Dr.Sheeja A. L
EE Roads Pathan...
Ajayaghosh n k
Connecting to au...
Gowri S Krishna
58e524b3
Dto ksrtc
DMO(H) PTA
LDM,PATHANA...
Rajendra Prasad
R Santhosh
Ask to Unmute
More
Mute All
Mute
Stop Video
Security
Participants
Chat
Share Screen
Record
Reactions
End
Type here to search
ENG
11:39
09-10-2020

# കേരളസർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| | |
|---|---|
| ഒക്ടോബർ 9<br>October 9 | 2020 |

**1195 കന്നി 23 വെള്ളി**

# പത്രക്കുറിപ്പ്-2

www.prd.kerala.gov.in, diopta1@gmail.comഫോൺ0468-2222657


## സ്വയം തൊഴിൽ സംരംഭം: അപേക്ഷ ക്ഷണിച്ചു

സംസ്ഥാന പട്ടികജാതി പട്ടികവർഗ വികസന കോർപറേഷൻ ദേശീയ പട്ടിക വർഗ ധനകാര്യ വികസന കോർപറേഷന്റെ സഹായത്തോടെ നടപ്പാക്കുന്ന ര ് ലക്ഷം രൂപ പദ്ധതി തുകയുള്ള ആദിവാസി മഹിളാ സശാക്തീകരൺ യോജന പദ്ധതിക്ക് കീഴിൽ വായ്പ അനുവദിക്കുന്നതിനായി പട്ടികവർഗത്തിൽപ്പെട്ട തൊഴിൽ രഹിതരായ യുവതികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

അപേക്ഷകർ പട്ടികവർഗത്തിൽപ്പെട്ട തൊഴിൽ രഹിതരും, 18 നും 55 നും മധ്യേ പ്രായമുള്ളവരുമാവണം. കുടുംബ വാർഷിക വരുമാനം മൂന്നു ലക്ഷം രൂപയിൽ കൂടരുത്. അനുവദനീയമായ വായ്പാ തുക വിനിയോഗിച്ച് വിജയ സാധ്യതയുള്ള ഏതൊരു സ്വയം തൊഴിൽ സംരംഭത്തിലും (കൃഷി ഭൂമിവാങ്ങൽ/ മോട്ടോർ വാഹനം വാങ്ങൽ ഒഴികെ)ഗുണഭോക്താവിന് ഏർപ്പെടാം.

തെരഞ്ഞെടുക്കപ്പെടുന്നവർ ഈടായി കോർപറേഷന്റെ നിബന്ധനകൾക്ക് അനുസരിച്ച് ആവശ്യമായ ഉദ്യോഗസ്ഥ ജാമ്യമോ, വസ്തു ജാമ്യമോ ഹാജരാക്കണം. വായ്പാ തുക നാല് ശതമാനം വാർഷിക പലിശ നിരക്കിൽ അഞ്ച് വർഷം കൊ ് തിരിച്ചടയ്ക്കണം.

താത്പര്യമുള്ളവർ അപേക്ഷാ ഫോറത്തിനും വിശദ വിവരങ്ങൾക്കുമായി കോർപറേഷന്റെ അതത് ജില്ലാ ഓഫീസുമായി ബന്ധപ്പെടണം. ഫോൺ : 04734- 253381.

(പിഎൻപി 4172/20)

## വെച്ചൂച്ചിറ പോളിടെക്നിക്കിന്റെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം തിങ്കളാഴ്ച ( 12 ) മുഖ്യമന്ത്രി നിർവഹിക്കും

വെച്ചൂച്ചിറ ഗവൺമെന്റ് പോളിടെക്നിക്കിന്റെ മെയിൻ ബ്ലോക്ക് കെട്ടിടത്തിന്റെ ഉദ്ഘാടനം തിങ്കളാഴ്ച ( ഒക്ടോബർ 12 ) ഉച്ചകഴിഞ്ഞ് മൂന്നിന് മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈൻ വഴി നിർവഹിക്കും. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീൽ അധ്യക്ഷത വഹിക്കും.

ശിലാഫലക അനാച്ഛാദനം രാജു ഏബ്രഹാം എംഎൽഎ നിർവഹിക്കും. ആന്റോ ആന്റണി എംപി മുഖ്യ പ്രഭാഷണം നടത്തും. ജില്ലാ കളക്ടർ പി.ബി. നൂഹ്, റാന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഗിരിജ മധു, വെച്ചൂച്ചിറ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് റോസമ്മ സ ്കറിയ, ജില്ലാ പഞ്ചായത്ത് അംഗം എം.ജി. കണ്ണൻ, ബ്ലോക്ക് പഞ്ചായത്ത് അംഗം ബിബിൽ മാത്യു തുടങ്ങിയവർ പ്രസംഗിക്കും.

മൂന്ന് നിലകളിലായി നടുമുറ്റം ഉൾപ്പെടെയുള്ള സംവിധാനങ്ങളുമായാണ് മനോഹരമായ പോളിടെക്നിക് കെട്ടിടം നിർമിച്ചിരിക്കുന്നത്. കൂടാതെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റൽ കെട്ടിടങ്ങളുടെ നിർമാണവും അവസാനഘട്ടത്തിലാണ്. ഇവയ്ക്കെല്ലാം കൂടി 15 കോടി രൂപയോളമാണ് ആകെ വിനിയോഗിച്ചത്.

1998ൽ പ്രവർത്തനമാരംഭിച്ച പോളിടെക്നിക്ക് ഇതുവരെ വാടക കെട്ടിടത്തിലാണ് താൽക്കാലികമായി പ്രവർത്തിച്ചുവന്നത്. ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ, ബയോമെഡിക്കൽ എന്നിങ്ങനെ മൂന്ന് കോഴ്സുകളാണ് ഇവിടെ ഉള്ളത്. 540 കുട്ടികൾ പഠനം നടത്തുന്നു. വെച്ചൂച്ചിറ എക്സ് സർവീസ്മെൻ സൊസൈറ്റിയുടെ എട്ട് ഏക്കർ സ്ഥലവും വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിന്റെ ര ് എക്കർ സ്ഥലവുമാണ് പോളിടെക്നിക്കിനായി വിട്ടു നൽകിയിരിക്കുന്നത്. പുതിയ കോളജ് കെട്ടിടത്തിന് 5140 ചതുരശ്ര മീറ്റർ വിസ്തീർണമാണുള്ളത്. ഫർണിഷിംഗും ഫർണിച്ചറുകളും എല്ലാം ക്രമീകരിച്ചു. പെരുന്തേനരുവി ശുദ്ധജല വിതരണ പദ്ധതിയിൽ നിന്നാണ് ഇവിടെ ജല ലഭ്യത ഉറപ്പാക്കിയിരിക്കുന്നത്. പുതിയ വർക്ക്ഷോപ്പ്, കാന്റീൻ, ഡ്രോയിംഗ് ഹാൾ എന്നിവയ്ക്ക് അനുമതി ലഭിച്ചിട്ടു ്. കോവിഡ് പ്രോട്ടോകോൾ പാലിച്ചായിരിക്കും ഉദ്ഘാടന ചടങ്ങുകൾ നടക്കുക. (പിഎൻപി 4173/20)

## കോഴഞ്ചേരി ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി പ്രവർത്തന ഉദ്ഘാടനം 13ന്

കോഴഞ്ചേരി ഗ്രാമപഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും ആളോഹരി പ്രതിദിനം 70 ലിറ്റർ കുടിവെള്ളം എത്തിക്കാൻ ലക്ഷ്യമിടുന്ന കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തന ഉദ്ഘാടനം ഒക്ടോബർ 13ന് ഉച്ചയ്ക്ക് 2.30ന് ജലവിഭവ വകുപ്പ് മന്ത്രി കെ.കൃഷ്ണൻകുട്ടി വീഡിയോ കോൺഫറൻസിലൂടെ നിർവഹിക്കും. കോഴഞ്ചേരി സ്റ്റേഡിയ ത്തിലെ കമ്മ്യൂണിറ്റി ഹാളിൽ നടക്കുന്ന ചടങ്ങിൽ വീണാ ജോർജ് എംഎൽഎ അധ്യക്ഷതവഹിക്കും. ആന്റോ ആന്റണി എംപി മുഖ്യ പ്രഭാഷണം നടത്തും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജെറി മാത്യു സാം, ജനപ്രതിനിധികൾ, സാമൂഹ്യ-രാഷ്ട്രീയ നേതാക്കൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

ദേശീയ ഗ്രാമീണ പദ്ധതിയിൽ ഉൾപ്പെടുത്തി 9.50 കോടി രൂപ സാമ്പത്തിക സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയിൽ നിലവിലുള്ള കിണറിന്റെയും പമ്പ് ഹൗസിന്റെയും പുനരുദ്ധാരണം, മൂന്ന് കിലോമീറ്റർ ദൂരത്തിൽ 300 എം.എം ഡി.ഐ റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കൽ, 50 ലക്ഷം ലിറ്റർ പ്രതിദിന ശേഷിയുള്ള ജല ശുദ്ധീകരണശാലയുടെ നിർമാണം, ട്രാൻസ്ഫോർമർ, പമ്പ് സെറ്റ് സ്ഥാപിക്കൽ തുടങ്ങിയ പ്രവർത്തികളാണ് പൂർത്തീകരിച്ചത്. ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ര ാം ഘട്ടമായി 72 കിലോമീറ്റർ ദൂരത്തിൽ വിതരണ ശൃംഖല സ്ഥാപിച്ച് 3393 വാട്ടർ കണക്ഷനുകൾ നൽകുന്നതിന് ലക്ഷ്യമിടുന്നു. (പിഎൻപി 4174/20)

## പത്തനംതിട്ട വിശ്രമ കേന്ദ്രത്തിന്റെ വിഐപി ബ്ലോക്ക് മന്ത്രി ജി.സുധാകരൻ 12ന് ഉദ്ഘാടനം ചെയ്യും

പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ പരിധിയിലുള്ള പത്തനംതിട്ട വിശ്രമ കേന്ദ്രത്തിലെ വിഐപി ബ്ലോക്ക് ഉദ്ഘാടനം പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി.സുധാകരൻ ഒക്ടോബർ 12ന് രാവിലെ 10.30ന് നിർവഹിക്കും. വിശ്രമകേന്ദ്രം പരിസരത്ത് നടക്കുന്ന

ചടങ്ങിൽ വീണാ ജോർജ് എംഎൽഎ അധ്യക്ഷത വഹിക്കും. വനം വകുപ്പ് മന്ത്രി അഡ്വ.കെ. രാജു വിശിഷ്ട അതിഥിയായിരിക്കും. ആന്റോ ആന്റണി എംപി മുഖ്യപ്രഭാഷണം നടത്തും.

(പിഎൻപി 4175/20)

**പേമരുതി ചെമ്പൻമുടി നീർത്തടപദ്ധതിക്ക് ഭരണാനുമതി**

പേമരുതി ചെമ്പൻമുടി നീർത്തടപദ്ധതിക്ക് ഭരണാനുമതി ലഭിച്ചതായി രാജു എബ്രഹാം എംഎൽഎ അറിയിച്ചു. നാറാണംമൂഴി, വെച്ചൂച്ചിറ, പഴവങ്ങാടി പഞ്ചായത്തുകളുടെ ഭാഗങ്ങൾ ഉൾപ്പെടുന്ന പദ്ധതിക്കായി 206.72 ലക്ഷം രൂപയാണ് അടങ്കൽ തുക. കൃഷി ഭൂമി പരിപോഷിപ്പിക്കുകയാണ് പദ്ധതി ലക്ഷ്യം.

കൃഷിഭൂമിയിലെ മണ്ണൊലിപ്പ് തടയുന്നതിനുള്ള പ്രവർത്തനങ്ങൾ, കിണർ റീചാർജിംഗ്, ഫലവൃക്ഷങ്ങൾ വച്ചു പിടിപ്പിക്കൽ, തടയണകൾ, നീർച്ചാലുകളുടെ പാർശ്വ സംരക്ഷണം, മഴവെള്ള സംഭരണികൾ എന്നിങ്ങനെ മണ്ണും ജലവും സംരക്ഷിക്കുന്ന വിവിധ പ്രവൃത്തികളാണ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. നീർത്തട പ്രദേശത്തെ കൈവശഭൂമി ഉള്ളവർ പദ്ധതിയുടെ ഗുണഭോക്താക്കൾ ആയിരിക്കും എന്നതാണ് പ്രത്യേകത. മൂന്നുവർഷംകൊ ് പൂർത്തീകരിക്കേ പദ്ധതിയാണ് ഇത്.

ചെമ്പനോലി, കടുമീൻചിറ, അത്തിക്കയം, നാറാണംമൂഴി, ചൊള്ളനാവയൽ, പൊന്നമ്പാറ, കക്കുടുമൺ, മുക്കൂട്ടുതറ, ഇടകടത്തി, ചാത്തൻതറ, പെരുന്തേനരുവി, മണ്ണടി ശാല, നീരാട്ട് കാവ് എന്നീ സ്ഥലങ്ങൾ പദ്ധതിയിൽ ഉൾപ്പെടുന്നു.(പിഎൻപി 4175/20)



# കേരളസർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| ഒക്ടോബർ 9<br>October 9 | 2020 |
|---|---|

**1195 കന്നി 23 വെള്ളി**

# പത്രക്കുറിപ്പ്-3

www.prd.kerala.gov.in, diopta1@gmail.comഫോൺ0468-2222657

## പോപ്പുലർ ഫിനാൻസിന്റെ സ്ഥാപനങ്ങൾ അടച്ചു പൂട്ടുന്നതിനും ആസ്ഥികൾ അറ്റാച്ച് ചെയ്യുന്നതിനും ജില്ലാ കളക്ടറുടെ ഉത്തരവ്

പത്തനംതിട്ട ജില്ലയിലെ പോപ്പുലർ ഫിനാൻസിന്റെ സ്ഥാപനങ്ങൾ അടച്ചു പൂട്ടുന്നതിനും സ്വർണവും മറ്റ് ആസ്ഥികളും അറ്റാച്ച് ചെയ്യുന്നതിനും ജില്ലാ കളക്ടർ പി.ബി. നൂഹ് ഉത്തരവായി. കേരള ഹൈക്കോടതിയുടെയുടെയും സർക്കാരിന്റെയും നിർദേശത്തിന്റെ അടിസ്ഥാനത്തിലും 2013 ലെ സാമ്പത്തിക സ്ഥാപന നിയമത്തിലെ സെക്ഷൻ നാലു പ്രകാരം നിക്ഷേപകരുടെ താൽപര്യ സംരക്ഷണം മുൻനിർത്തിയുമാണ് ജില്ലാ കളക്ടറുടെ ഉത്തരവ്.

പോപ്പുലർ ഫിനാൻസിന്റെ എല്ലാ ശാഖകളും ജില്ലയ്ക്കുള്ളിലെ അനുബന്ധ സ്ഥാപനങ്ങളും അടച്ചുപൂട്ടണമെന്ന് ഉത്തരവിൽ പറയുന്നു. ധനകാര്യ സ്ഥാപനത്തിന്റെ ശാഖകളിലും മറ്റ് ഓഫീസുകളിലും സൂക്ഷിച്ചിരിക്കുന്ന പണം, സ്വർണം, മറ്റ് ആസ്തികൾ എന്നിവയുൾപ്പെടെ എല്ലാ സ്വത്തുക്കളും അറ്റാച്ചുചെയ്യും.

പോപ്പുലർ ഫിനാൻസിന്റെ/ കമ്പനിയുടെ ഉടമസ്ഥതയിലുള്ള സ്വത്ത് / കെട്ടിടങ്ങൾ, ഓഫീസുകൾ / വീടുകൾ, മറ്റേതെങ്കിലും പേരുകളിൽ അതിന്റെ അനുബന്ധ സ്ഥാപനങ്ങൾ, അല്ലെങ്കിൽ ഏതെങ്കിലും അനുബന്ധ നാമം അല്ലെങ്കിൽ മറ്റേതെങ്കിലും സ്ഥാപനം എന്നിവയിൽ നിന്ന് ഏതെങ്കിലും സ്വത്തുകൾ, പണം തുടങ്ങിയവയുടെ കൈമാറ്റം നിരോധിച്ചു. പോപ്പുലർ ഫിനാൻസ് അല്ലെങ്കിൽ അതിന്റെ പങ്കാളികൾ / ഏജന്റുമാർ / മാനേജർമാർ ധനകാര്യ സ്ഥാപനങ്ങൾ / ബാങ്കുകൾ / സഹകരണ സംഘങ്ങൾ / ചിട്ടി കമ്പനികൾ, മറ്റ് എല്ലാ സ്ഥാപനങ്ങൾ എന്നിവയിലും പരിപാലിക്കുന്ന എല്ലാ അക്കൗ ുകളും മരവിപ്പിച്ചു.

പോപ്പുലർ ഫിനാൻസിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലുള്ളതോ അവരുടെ ഉടമസ്ഥതയിലുള്ളതോ ആയ എല്ലാ കെട്ടിടങ്ങളും / ശാഖകളും / ഓഫീസുകളും മറ്റ് എല്ലാ സ്ഥാപനങ്ങളും അടയ്ക്കാനും പൂട്ടാനും മുദ്രയിടാനും ജില്ലാ കളക്ടർക്ക് മുന്നിൽ താക്കോൽ ഹാജരാക്കാനും ജില്ലാ പോലീസ്

മേധാവിക്ക് നിർദേശം നൽകി. ആവശ്യമെങ്കിൽ കാവൽ ഏർപ്പെടുത്താനും ഉത്തരവിൽ പറയുന്നു.

ഈ ധനകാര്യ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ചലിക്കാത്ത വസ്തുക്കളുടെ കൈമാറ്റം, അന്യവൽക്കരണം എന്നിവ നിരോധിക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കാൻ ജില്ലാ രജിസ്ട്രാർക്ക് നിർദേശം നൽകി.

പോപ്പുലർ ഫിനാൻസിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും എല്ലാ അക്കൗ ുകളും മരവിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളാൻ ജില്ലാ ലീഡ് ബാങ്ക് മാനേജർ, ജില്ലാ സഹകരണ സംഘങ്ങളുടെ ജോയിന്റ് രജിസ്ട്രാർ, റീജിയണൽ മാനേജർ കെഎസ്എഫ്ഇ, ജില്ലാ മാനേജർ കെഎഫ്സി, ജില്ലയിലെ മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവരോട് നിർദേശിച്ചു.

പോപ്പുലർ ഫിനാൻസിന്റെ ധനകാര്യ സ്ഥാപനങ്ങളുടെ / അതിന്റെ പങ്കാളികളുടെ / അനുബന്ധ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള എല്ലാ മോട്ടോർ വാഹനങ്ങളുടെയും വിശദാംശങ്ങൾ നൽകാനും ലിസ്റ്റു ചെയ്ത വാഹനങ്ങൾ കൈമാറുന്നത് തടയാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാനും പത്തനംതിട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർക്ക് നിർദേശം നൽകി.

പോപ്പുലർ ഫിനാൻസിന്റെ ധനകാര്യ സ്ഥാപനങ്ങൾ / അതിന്റെ പങ്കാളികൾ / അനുബന്ധ സ്ഥാപനങ്ങൾ എന്നിവരുടെ ഉടമസ്ഥതയിലുള്ള ചലിക്കാത്ത വസ്തുക്കളുടെ വിശദാംശങ്ങൾ നൽകാനും സ്വത്തുക്കളുടെ കൈമാറ്റം തടയുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളാനും ജില്ലയിലെ സബ് ഡിവിഷണൽ മജിസ്ട്രേറ്റിനും തഹസിൽദാർമാർക്കും നിർദേശം നൽകി. ഈ ഉത്തരവ് അനുസരിച്ച് സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് ആഴ്ചതോറും നൽകാനും എല്ലാ നിർദ്ദേശങ്ങളും കർശനമായി പാലിക്കുന്നുെ ന്ന് ഉറപ്പാക്കാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ജില്ലാ കളക്ടർ നിർദേശം നൽകി. ഭ(പിഎൻപി 4177/20)

## ശബരിമല സേഫ് സോൺ പദ്ധതി പുതുക്കുന്നതിന് ആർടിഒയ്ക്ക് നിർദേശം നൽകി

കോവിഡിന്റെ പശ്ചാത്തലത്തിൽ ശബരിമല സേഫ് സോൺ പദ്ധതി പുതുക്കുന്നതിന് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർക്ക്(ആർടിഒ) ജില്ലാ കളക്ടർ പി.ബി. നൂഹിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേർന്ന ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ യോഗം നിർദേശം നൽകി. റോഡ് സുരക്ഷ സംബന്ധിച്ച് പൊലീസ്, മോട്ടോർ വാഹനം, പൊതുമരാമത്ത് വകുപ്പുകൾ ഈ വർഷം സ്വീകരിച്ച നടപടികൾ യോഗം അവലോകനം ചെയ്തു. ശബരിമല മണ്ഡലകാലത്തിനു മുന്നോടിയായി പ്രധാന റോഡുകളുടെ നവീകരണത്തിനും അറ്റകുറ്റപണികൾക്കും പൊതുമരാമത്ത് നിരത്തു വിഭാഗം സ്വീകരിക്കേ നടപടികൾ യോഗം ചർച്ച ചെയ്തു. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾക്ക് അനുവദിച്ച ഫ ുകൾ വിനിയോഗിച്ചതിന്റെ ധനവിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് വകുപ്പുകൾക്ക് ജില്ലാ കളക്ടർ നിർദേശം നൽകി.

പത്തനംതിട്ട നഗരസഭ പരിധിയിലെ പ്രധാന റോഡുകളുടെ വശങ്ങളിൽ റോഡുകളിലേക്ക് ഇറങ്ങി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകളുടെ ലിസ്റ്റ് എടുത്ത് അവ അടിയന്തരമായി നീക്കം ചെയ്യുന്നതിന് കെഎസ്ഇബിക്ക് നിർദേശം നൽകുന്നതിന് പൊതുമരാമത്ത് നിരത്തു വിഭാഗത്തെ ചുമതലപ്പെടുത്തി. ദിശാ സൂചനാ ബോർഡുകളും മറ്റും വ്യക്തമായും കൃത്യമായും സ്ഥാപിക്കുന്നത് പൊതുമരാമത്ത് നിരത്തു വിഭാഗം ഉറപ്പുവരുത്തണമെന്ന് ജില്ലാ കളക്ടർ നിർദേശിച്ചു.

എഡിഎം അലക്സ് പി. തോമസ്, ആർടിഒ ജിജി ജോർജ്, നാർകോട്ടിക് സെൽ ഡിവൈഎസ്പി ആർ. പ്രദീപ് കുമാർ, പൊതുമരാമത്ത് നിരത്തു വിഭാഗം ഡെപ്യൂട്ടി എക്സിക്യൂട്ടീവ് എൻജിനീയർ എസ്.എൽ. സജി, വിദ്യാഭ്യാസ ഉപഡയറക്ടർ പി.കെ. ഹരിദാസ് തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 4178/20)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരളസർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഒക്ടോബർ 9<br>October 9 | 2020 |
|---|---|

**1195 കന്നി 23 വെള്ളി**

# പത്രക്കുറിപ്പ്-4

www.prd.kerala.gov.in, diopta1@gmail.comഫോൺ0468-2222657

**മുഖ്യമന്ത്രി ഇന്ന് ശുചിത്വ പദവി പ്രഖ്യാപനം നടത്തും**

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശുചിത്വ പദവി പ്രഖ്യാപനം ഇന്ന് (10) രാവിലെ 10 ന് ഓൺലൈൻ ആയി മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ജില്ലയിലെ 35 ഗ്രാമപഞ്ചായത്തുകളുടേയും ര ു നഗരസഭകളുടേയും ര ു ബ്ലോക്കുകളുടേയും ശുചിത്വ പദവി പ്രഖ്യാപനം ഇതോടൊപ്പം നടക്കും. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ അധ്യക്ഷനാകും. ജില്ലയിലെ ശുചിത്വ പദവി പ്രഖ്യാപിക്കുന്ന മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും ഒരുക്കങ്ങൾ പൂർത്തിയായി. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും രാവിലെ 10 ന് തന്നെ ഓൺലൈൻ ആയി ശുചിത്വ പദവി പ്രഖ്യാപനം വീക്ഷിക്കുന്നതിനുള്ള ക്രമീകരണങ്ങൾ പൂർത്തിയായി.

ജില്ലാ കളക്ടറുടെ നിർദേശപ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഈ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ ഉദ്യോഗസ്ഥരെ ചുമുതലപ്പെടുത്തിയിട്ടു ്. ഇതിനായി ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ, ഡിഡിപി, തദ്ദേശസ്വയംഭരണ സ്ഥാപന പ്രസിഡന്റുമാർ, സെക്രട്ടറിമാർ എന്നിവരുടെ യോഗം ഓൺലൈൻ ആയി വിളിച്ചുകൂട്ടി വേ നിർദേശങ്ങൾ ജില്ലാ കളക്ടർ നൽകിയിട്ടു ്. മുഖ്യമന്ത്രിയുടെ ശുചിത്വ പദവി പ്രഖ്യാപനത്തിന് ശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉപഹാരവും സാക്ഷ്യപത്രവും നൽകും. തുടർന്ന് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും മാലിന്യ സംസ്കരണ മേഖലയിൽ ഇതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ റിപ്പോർട്ട് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്ക് കൈമാറും.

ആന്റോ ആന്റണി എംപി തിരുവല്ല നഗരസഭയുടെ ശുചിത്വ പദവി പ്രഖ്യാപനത്തിൽ പങ്കെടുക്കും. വീണാ ജോർജ് എംഎൽഎ പന്തളം ബ്ലോക്കിന്റെ ശുചിത്വ പദവി പ്രഖ്യാപനത്തിൽ പങ്കെടുക്കും. രാജു എബ്രഹാം എംഎൽഎ വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിലും, അഡ്വ. കെ.യു. ജനീഷ് കുമാർ എംഎൽഎ മലയാലപ്പുഴ

ഗ്രാമപഞ്ചായത്തിലും, അഡ്വ.മാത്യു. ടി. തോമസ് എംഎൽഎ നിരണം ഗ്രാമപഞ്ചായത്തിലും, ചിറ്റയം ഗോപകുമാർ എംഎൽഎ ഓൺലൈനായും,
ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി എഴുമറ്റൂർ ഗ്രാമപഞ്ചായത്തിലും ശുചിത്വ പദവി പ്രഖ്യാപനത്തിൽ പങ്കെടുക്കും. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവർ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ശുചിത്വ പദവി പ്രഖ്യാപനത്തിൽ പങ്കെടുക്കും.

(പിഎൻപി 4179/20)

## സീറോ വേസ്റ്റ് തിരുവല്ല; നഗരസഭകളിൽ ഒന്നാമത്

സീറോ വേസ്റ്റ് തിരുവല്ല എന്ന സ്വപ്നം യാഥാർഥ്യമാക്കി തിരുവല്ല നഗരസഭ. ജില്ലയിൽ ശുചിത്വ പദവി പ്രഖ്യാപന വിലയിരുത്തലിൽ 88 ശതമാനം മാർക്ക് നേടി നഗരസഭയിൽ ഒന്നാം സ്ഥാനം കൈവരിച്ച തിരുവല്ല നഗരസഭ ഇന്ന് (ഒക്ടോബർ 10) മുഖ്യമന്ത്രി നടത്തുന്ന ശുചിത്വ പദവി പ്രഖ്യാപനത്തിന് യോഗ്യത നേടി. വലിയ തോതിലുള്ള മാലിന്യ പ്രശ്നത്തെ മികച്ച രീതിയിൽ കൈകാര്യം ചെയ്യാൻ തിരുവല്ല നഗരസഭയ്ക്ക് സാധിച്ചിട്ടു ്. ഓഗസ്റ്റ് 15 ന് സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് നഗരസഭാ ചെയർമാൻ ആർ.ജയകുമാർ തിരുവല്ല നഗരസഭ യുടെ ശുചിത്വ പദവി സ്വയം പ്രഖ്യാപനം നടത്തി. ജൈവ-അജൈവ മാലിന്യങ്ങളുടെ ശരിയായ സംസ്കരണം നടത്തുന്നതിനും നഗരസഭയെ മാലിന്യ മുക്തമാക്കുന്നതിനും നിരവധിയായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു ്.

### അജൈവ മാലിന്യം ഇവിടെ ഒരു കീറാമുട്ടി അല്ല..

നഗരസഭയിലെ മുഴുവൻ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഹരിതകർമസേന വഴി അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നു ്. ഇതിനായി 40 ഹരിതകർമസേനാംഗങ്ങൾ തിരുവല്ല നഗരസഭയിലു ്. അജൈവ മാലിന്യ ശേഖരണം വഴി ഒരു ഹരി തകർമസേനാംഗത്തിന് പ്രതിമാസം ശരാശരി 10000 രൂപ വരെ ലഭിക്കുന്നു. ഇത് കൂടാതെ തുണി സഞ്ചി നിർമാണം, ശുചീകരണ വസ്തുക്കളുടെ നിർമാണം, വെളിച്ചെണ്ണ വിതരണം എന്നീ പ്രവർത്തനങ്ങൾ വഴി അധിക വരുമാനവും ലഭിക്കുന്നു ്. ഹരിതകർമസേനകൾ ശേഖരിച്ച തരംതിരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ എം.സി.എഫിലേക്ക് മാറ്റുകയും തുടർന്ന് വൃത്തിയാക്കിയ പ്ലാസ്റ്റിക് റിസോഴ്സ് റിക്കവറി സെന്ററിലേക്ക് മാറ്റി പൊടിച്ച് റോഡ് നിർമാണത്തിനായും നൽകി വരുന്നു.

30 ലക്ഷം രൂപ ചിലവിലാണ് എം.സി.എഫ്, ആർ.ആർ.എഫ് എന്നിവ നിർമിച്ചത്. പൊടിച്ച പ്ലാസ്റ്റിക്കുകൾ മാറ്റുന്നതിനും ഇ-മാലിന്യങ്ങൾ മാറ്റുന്നതിനും ക്ലീൻകേരള കമ്പനിയുമായി ധാരണയായിട്ടു ്. ഹരിതകർമസേനയ്ക്ക് ആവശ്യമായ എല്ലാവിധ പരിശീലനങ്ങളും സാങ്കേതിക സഹായവും നൽകുന്നത് ഹരിതസഹായ സ്ഥാപനമായ ക്രിസ് ഗ്ലോബൽസ് എജൻസിയാണ്. ക്രിസ് ഗ്ലോബൽസ് എജൻസി സി.ഇ.ഒ ക്രിസ്റ്റഫറിന്റെ നേതൃത്വത്തിൽ മാലിന്യ കൗ റുകളും ആളുകൾക്ക് മാലിന്യം കൈമാറുന്നതിനുള്ള ഹെൽപ്പ് ലൈനും പ്രവർത്തിക്കുന്നു. കൂടാതെ കോവിഡ് കാലത്ത് 20 ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് അണുവിമുക്തമാക്കി സംസ്കരണത്തിനു നൽകി.

### ഉറവിട മാലിന്യ സംസ്കരണം

ഉറവിട മാലിന്യ സംസ്കരണത്തിന്റെ കാര്യത്തിലും ജൈവ മാലിന്യ സംസ്കരണത്തിന്റെ കാര്യത്തിലും സംസ്ഥാനത്തിന് തന്നെ ഒരു മാതൃകയാണ് തിരുവല്ല നഗരസഭ. ജൈവ മാലിന്യം ഒരു പ്രശ്നമായി നിലനിൽക്കുന്നേയില്ല. വീടുകളിലും സ്ഥാപനങ്ങളിലും മറ്റും ഉ ാകുന്ന ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള തീരുമാനം നഗരസഭ നടപ്പാക്കിയിട്ടു ്.

ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ ഇല്ലാത്ത വീടുകളിലും സ്ഥാപനങ്ങളിലും അവ നിർമിച്ചു നൽകുന്നതിനായി 72 ലക്ഷം രൂപയുടെ പ്രോജക്ട് തയാറാക്കി. കൂടുതൽ മാലിന്യം ഉ ാകുന്ന ഹോട്ടലുകൾ, വിവിധ സ്ഥാപനങ്ങൾ, ഫ്ളാറ്റുകൾ എന്നിവിടങ്ങളിൽ

മാലിന്യ സംസ്കരണ പ്ലാന്റുകൾ ഉൾപ്പെടുത്തി മാത്രമേ ലൈസൻസ് നൽകുകയുള്ളു എന്ന കർശന നിലപാടും തിരുവല്ല നഗരസഭ സ്വീകരിച്ചിട്ടു ്.

നഗരത്തിലെ പ്രധാനപ്പെട്ട ചന്തകൾ, പ്രമുഖ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ കൂടുതൽ എത്തിച്ചേരുന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിലെല്ലാം ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടു ്. ഇതിൽ നിന്നും ലഭിക്കുന്ന ഗ്യാസ് ഓഫീസ് ആവശ്യങ്ങൾക്കും മറ്റും ഉപയോഗിക്കുന്നു. കൂടാതെ നഗരസഭയിലെ എല്ലാ സ്ഥാപനങ്ങളും ഹരിതചട്ടം പാലിച്ചാണ് പ്രവർത്തിക്കുന്നത്.

**നിങ്ങൾ കാമറയുടെ നിരീക്ഷണത്തിലാണ്..**

നഗരസഭയുടെയും പോലീസിന്റേയും നേതൃത്വത്തിൽ നഗരത്തിൽ എല്ലായിടത്തും നിരീക്ഷണ കാമറകൾ സ്ഥാപിച്ചിട്ടു ്. മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കും തെറ്റായ രീതിയിൽ സംസ്കരിക്കുന്നവർക്കും ഒരു പരിധിവരെ തടയിടാൻ ഇതിലൂടെ സാധിച്ചിട്ടു ്.

**വേ ാത്തത് കൊടുക്കാം, വേ ത് എടുക്കാം**

നഗരസഭയിൽ നാലുമാസം കൂടിയിരിക്കെ സ്വാപ്പ് ഷോപ്പുകൾ സംഘടിപ്പിക്കുന്നു ്. ഹരിതകർമസേനകൾ വഴി ഓരോ വീട്ടിലും ഉപയോഗയോഗ്യമായ എന്നാൽ, അവർ ഉപയോഗിക്കാത്ത വസ്തുക്കളുടെ ലിസ്റ്റ് എടുത്ത് സ്വാപ്പ് ഷോപ്പ് സംഘടിപ്പിക്കും. ആവശ്യമില്ലാത്ത വസ്തുക്കൾ സ്വാപ്പ് ഷോപ്പിൽ കൊ ു നൽകി അവർക്ക് ആവശ്യമുള്ള വസ്തുക്കൾ വില ഈടാക്കാതെ തന്നെ അവിടെ നിന്ന് സ്വീകരിക്കാം.

**മാലിന്യത്തിൽ നിന്നും മലർവാടിയിലേക്ക്**

കാവുംഭാഗം, മുത്തൂർ തുടങ്ങി വിവിധ സ്ഥലങ്ങളിൽ റോഡ് സൈഡിലും മറ്റും ഉ ായിരുന്ന മാലിന്യ കൂമ്പാരങ്ങൾ നീക്കി ഉദ്യാനമാക്കിയിട്ടു ്. നഗരത്തിന്റെ പ്രധാനപ്പെട്ട സ്ഥലങ്ങളിലെല്ലാം മരങ്ങൾ വച്ച് പിടിപ്പിച്ച് തിരുവല്ല നഗരസഭ മോടി കൂട്ടി.

**കൃഷി – ജലസംരക്ഷണ പ്രവർത്തനങ്ങൾ**

കൃഷിയുടെ കാര്യത്തിലും നഗരസഭ പിന്നിലല്ല. കുടുംബശ്രീയുടെ സഹകരണത്തോടെ സ്ഥലം പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്നു ്. പച്ചക്കറികൾ, ഫലവർഗങ്ങൾ എന്നിവയിലൂടെ നല്ല വിളവ് ലഭിക്കുന്നു ്.

കാർഷിക പ്രവർത്തനങ്ങളിൽ എടുത്ത് പറയേ ഒന്നാണ് കവിയൂർ പുഞ്ച. പതിറ്റാ ുകളായി തരിശുകിടന്ന കവിയൂർ പുഞ്ചയുടെ ഒരു ഭാഗം തിരുവല്ല നഗരസഭയിൽ ഉൾപ്പെട്ടതാണ്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ കവിയൂർ പുഞ്ചയിൽ കൃഷി ഇറക്കി നല്ല വിളവെടുക്കാൻ സാധിച്ചു.

കൂടാതെ ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി തോടുകൾ നവീകരിച്ച് കയർഭൂവസ്ത്രം ഇട്ട് സംരക്ഷിച്ചു. ഉപയോഗ ശൂന്യമായി കിടന്ന കിണർ നവീകരിച്ച് കുടിവെള്ള സ്രോതസാക്കി മാറ്റി. കുളങ്ങൾ വൃത്തിയാക്കി മത്സ്യ കൃഷി ചെയ്തു.

**അധ്യാപകർക്ക് പരിശീലനം**

അജൈവ മാലിന്യ ശേഖരണം എത്തരത്തിലാകണമെന്നും അവ എങ്ങനെ സംസ്കരിക്കണമെന്നും തരംതിരിക്കണമെന്നുമെല്ലാം ടീച്ചേഴ്സ് എഡ്യൂക്കേഷൻ ട്രെയിനിംഗ് സെന്ററിലെ അധ്യാപകർക്ക് ഹരിതസഹായ സ്ഥാപനമായ ക്രിസ് ഗ്ലോബലിന്റെ നേതൃത്വത്തിൽ ബോധവത്ക്കരണ ക്ലാസുകൾ എല്ലാ വർഷവും നൽകുന്നു. വരും തലമുറയിലേക്ക് മാലിന്യ സംസ്കരണം അധ്യാപകർ വഴി എത്തിക്കാനുള്ള ഉപാധിയാണ് ഇത്. കൂടാതെ എൻ.എസ്.എസ് യൂണിറ്റ്, സ്കൗട്ട് തുടങ്ങിയവയുടെ നേതൃത്വത്തിൽ സ്കൂൾ തലത്തിൽ നിരവധി കാമ്പയിനുകൾ നടത്തി. ക്ലബ്ബുകൾ, വിവിധ സന്നദ്ധ സംഘടകൾ എന്നിവയെല്ലാം ഉൾപ്പെടുത്തി സേ നോ ടു പ്ലാസ്റ്റിക്ക് കാമ്പയിൻ, ആരോഗ്യ ജാഗ്രതാ

കാമ്പയിൻ തുടങ്ങിയ ബോധവത്ക്കരണ പരിപാടികളും സംഘടിപ്പിച്ചു. ഹരിത ചട്ടം പാലിച്ച് ഇലക്ഷൻ നടത്തുന്നതിന് ഗ്രീൻ ഇലക്ഷൻ സംഘടിപ്പിച്ചു.

ഇന്ന് (ഒക്ടോബർ 10) രാവിലെ 10 ന് മുഖ്യമന്ത്രി നടത്തുന്ന ശുചിത്വ പദവി പ്രഖ്യാപനത്തിന് തയാറായി നിൽക്കുകയാണ് തിരുവല്ല നഗരസഭ. നഗരസഭാ ചെയർമാൻ ആർ.ജയകുമാറിന്റെ നേതൃത്വത്തിലുള്ള ഭരണസമിതിയാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. (പിഎൻപി 4180/20)



# കേരളസർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| | |
|---|---|
| **ഒക്ടോബർ 9** | |
| **October 9** | **2020** |

**1195 കന്നി 23 വെള്ളി**

# പത്രക്കുറിപ്പ്-5

www.prd.kerala.gov.in, diopta1@gmail.comഫോൺ0468-2222657

---

### എംസി റോഡിലെ പുനരുദ്ധാരണം ചെയ്ത തിരുവല്ല ടൗൺ ഭാഗത്തിന്റെ ഉദ്ഘാടനം 11ന്

കെഎസ്ടിപി ര ാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി മൂവാറ്റുപുഴ ഡിവിഷന്റെ കീഴിൽ പുനരുദ്ധാരണം ചെയ്ത തിരുവല്ല ടൗൺ ഭാഗത്തെ എംസി റോഡിന്റെ ഉദ്ഘാടനം തിരുവല്ല പിഡബ്ല്യുഡി റസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ ഒക്ടോബർ 11ന് വൈകുന്നേരം അ ഞ്ചിന് പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി. സുധാകരൻ നിർവഹിക്കും. തിരുവല്ല ബൈപാസിൽ മഴുവങ്ങാട് മുതൽ മല്ലപ്പള്ളി റോഡ് വരെയുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ സ്വിച്ച് ഓൺ കർമവും നടത്തും.

അഡ്വ. മാത്യു ടി തോമസ് എംഎൽഎ അധ്യക്ഷത വഹിക്കുന്ന ഉദ്ഘാടന സമ്മേളനത്തിൽ ആന്റോ ആന്റണി എംപി മുഖ്യപ്രഭാഷണം നടത്തും. നഗരസഭ ചെയർമാൻ ആർ. ജയകുമാർ, കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫ ് ബോർഡ് ചെയർമാൻ അഡ്വ. കെ. അനന്തഗോപൻ, മുനിസിപ്പൽ കൗൺസിലർമാരായ ഏലിയാമ്മ തോമസ്, ഷീല വർഗീസ്, റീന മാത്യു, ബിജു ലങ്കാഗിരി, ഷാജി തിരുവല്ല തുടങ്ങിയവർ പങ്കെടുക്കും. കോവിഡ് 19 പ്രോട്ടോക്കോൾ പാലിച്ചായിരിക്കും സമ്മേളനം നടത്തുക. (പിഎൻപി 4181/20)

### പത്തനംതിട്ട ജില്ലയിലെ പുതിയ ക യ്ൻമെന്റ് സോണുകൾ

ഏനാദിമംഗലം ഗ്രാമപഞ്ചായത്തിലെ വാർഡ് ഏഴ് (പുതുവൽ ഭാഗം), നാറാണംമൂഴി ഗ്രാമപഞ്ചായത്തിലെ വാർഡ് മൂന്ന് (ചെമ്പനോലി ഭാഗം), വാർഡ് 11, തണ്ണിത്തോട് ഗ്രാമപഞ്ചായത്തിലെ വാർഡ് 12 (മൂഴി ഭാഗം) എന്നീ സ്ഥലങ്ങളിൽ ഒക്ടോബർ ഒൻപതു മുതൽ ഏഴു ദിവസത്തേക്ക് ക യ്ൻമെന്റ് സോൺ നിയന്ത്രണം ഏർപ്പെടുത്തി.

രോഗം സ്ഥിരീകരിച്ചവരുടെ സമ്പർക്കപട്ടികകൾ ഉയരുന്നതു കണക്കിലെടുത്ത് പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസറുടെ (ആരോഗ്യം) ശുപാർശ പ്രകാരമാണ് പുതിയ

കെ യ്ൻമെന്റ് സോണുകൾ പത്തനംതിട്ട ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാനും ജില്ലാ മജിസ്ട്രേറ്റും കൂടിയായ ജില്ലാ കളക്ടർ പി.ബി. നൂഹ് പ്രഖ്യാപിച്ച് ഉത്തരവായത്.
(പിഎൻപി 4182/20)

## കെ യ്ൻമെന്റ് സോൺ നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കി

അയിരൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് 15 (കിഴക്ക് തോട്ടാവള്ളിപ്പടി മുതൽ പടിഞ്ഞാറ് തോട്ടപ്പുഴശേരി അതിർത്തി വരെയും, തെക്ക് പമ്പാ നദി മുതൽ വടക്ക് കനാൽ വരെയുമുള്ള ഭാഗം), കലഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് 13 (കഞ്ചോട് ജംഗ്ഷൻ ഭാഗം) എന്നീ സ്ഥലങ്ങൾ ഒക്ടോബർ 10 മുതൽ കെ യ്ൻമെന്റ് സോൺ നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കി ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാനും ജില്ലാ മജിസ്ട്രേറ്റും കൂടിയായ ജില്ലാ കളക്ടർ പി.ബി. നൂഹ് ഉത്തരവ് പുറപ്പെടുവിച്ചു.

നിലവിൽ പ്രഖ്യാപിച്ച കെ യ്ൻമെന്റ് സോൺ നിയന്ത്രണം അവസാനിക്കുന്ന സാഹചര്യത്തിലും, കെ യ്ൻമെന്റ് സോൺ നിയന്ത്രണം ദീർഘിപ്പിക്കണമെന്നുള്ള പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസറുടെ (ആരോഗ്യം) ശുപാർശ ലഭ്യമാകാത്ത സാഹചര്യത്തിലുമാണ് ഒഴിവാക്കി ഉത്തരവായത്. (പിഎൻപി 4183/20)

## കോഴഞ്ചേരി സബ് ട്രഷറി പ്രവർത്തനം താൽക്കാലികമായി നിർത്തിവച്ചു

കോഴഞ്ചേരി സബ് ട്രഷറിയിലെ ഒരു അക്കൗ ന്റിന് ഒക്ടോബർ ഒൻപതിന് കോവിഡ് രോഗം സ്ഥിരീകരിച്ച സാഹചര്യത്തിൽ ആരോഗ്യവകുപ്പിന്റെ നിർദേശപ്രകാരം ട്രഷറിയുടെ പ്രവർത്തനം താൽക്കാലികമായി നിർത്തിവച്ചതായി ജില്ലാ ട്രഷറി ഓഫീസർ പ്രസാദ് മാത്യു അറിയിച്ചു. കോഴഞ്ചേരി സബ് ട്രഷറിയുടെ പ്രവർത്തനം പുനരാരംഭിക്കുന്നത് വരെ ഈ ട്രഷറിയുമായി ബന്ധപ്പെട്ട സേവനങ്ങൾ സമീപ ട്രഷറികളിൽ നിന്ന് ലഭ്യമാവും. സ്ഥാപനങ്ങളുടെ ശമ്പള/ശമ്പളേതര ഫിസിക്കൽ ബില്ലുകൾ പത്തനംതിട്ട ജില്ലാ ട്രഷറിയിൽ സമർപ്പിക്കണം. (പിഎൻപി 4184/20)

## എഐടിടി നാലാം സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷ

ഐടിഐ ചെന്നീർക്കരയിൽ ഓഗസ്റ്റ് 2013 നോൺ എംഐഎസ് പ്രകാരം എൻസിവിടി അഫിലിയേഷൻ നേടിയ ട്രേഡുകളിൽ അഡ്മിഷൻ നേടിയ ട്രെയിനികളിൽ നാലാം സെമസ്റ്റർ പരീക്ഷകൾ എഴുതി പരാജയപ്പെട്ടവരും അഞ്ച് വർഷത്തിനുള്ളിൽ അഞ്ച് അവസരങ്ങൾ ഉപയോഗിക്കാത്തവരിൽ നിന്നും 2020 നവംബറിൽ നടക്കുന്ന എഐടിടി നാലാം സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷയിൽ അവസാന ചാൻസായി പങ്കെടുക്കുന്നതിന് അപേക്ഷ ക്ഷണിച്ചു.

അപേക്ഷകർ 170 രൂപ ഫീസ് ട്രഷറിയിൽ ഒടുക്കി ഈ മാസം 15 ന് വൈകിട്ട് മൂന്നിനു മുമ്പായി പ്രിൻസിപ്പലിന് അപേക്ഷ സമർപ്പിക്കണം. 60 രൂപ ഫൈനോടു കൂടി അപേക്ഷ സമർപ്പിക്കേ അവസാന തീയതി ഒക്ടോബർ 19ന് വൈകുന്നേരം മൂന്ന് വരെ. കൂടുതൽ വിവരങ്ങൾക്ക് റലേ.സല്യമഹമ.ഴീ.ശി എന്ന വെബ്സൈറ്റ് സന്ദർശിക്കണം. ഫോൺ നമ്പർ 0468 2258710. (പിഎൻപി 4185/20)

## സപ്ലിമെന്ററി പരീക്ഷ

ഐടിഐ ചെന്നീർക്കരയിൽ ഒന്നാം വർഷ സപ്ലിമെന്ററി പരീക്ഷകളിൽ പങ്കെടുക്കുന്നതിന് എംഐഎസ് പോർട്ടൽ മുഖേന ഓഗസ്റ്റ് 2018 ൽ അഡ്മിഷൻ നേടി, എഐടിടി ജൂലൈ 2019 വാർഷിക സമ്പ്രദായത്തിൽ പരീക്ഷകൾ എഴുതി പരാജയപ്പെട്ട ട്രെയിനികളിൽ നിന്നും സപ്ലിമെന്ററി പരീക്ഷ എഴുതുന്നതിനുള്ള അപേക്ഷകൾ ക്ഷണിച്ചു.

അപേക്ഷകർ 170 രൂപ ഫീസ് ട്രഷറിയിൽ ഒടുക്കി ഈ മാസം 15 ന് വൈകിട്ട് നാലിനു മുമ്പായി പ്രിൻസിപ്പലിന് അപേക്ഷ സമർപ്പിക്കണം. 60 രൂപ ഫൈനോടു കൂടി അപേക്ഷ സമർപ്പിക്കേ അവസാന തീയതി ഒക്ടോബർ 19ന് വൈകുന്നേരം നാല് വരെ. കൂടുതൽ

വിവരങ്ങൾക്ക് റലേ.സല്യമഹമ.ഴീ.ശി എന്ന വെബ്സൈറ്റ് സന്ദർശിക്കണം. ഫോൺ നമ്പർ 0468 – 2258710. (പിഎൻപി 4186/20)

## താലോലം പ്രീ–സ്കൂൾ അധ്യാപക പരിശീലനം ജില്ലാതല ഉദ്ഘാടനം

സമഗ്രശിക്ഷ കേരളയുടെ നേതൃത്വത്തിൽ നടക്കുന്ന താലോലം പരിശീലന പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം വീണാ ജോർജ് എംഎൽഎ ഓൺലൈനായി നിർവഹിച്ചു. വിദ്യാഭ്യാസ ഉപഡയറക്ടർ പി.കെ.ഹരിദാസ് അധ്യക്ഷത വഹിച്ചു. ജില്ലയിലെ സർക്കാർ ഹോണറേറിയം ലഭിക്കുന്ന തെരഞ്ഞെടുക്കപ്പെട്ട പ്രീ–സ്കൂളുകളിലെ 41 അധ്യാപകർക്കാണ് പരിശീലനം നൽകുന്നത്.

2018–19 വർഷം ആരംഭിച്ച പ്രീ–സ്കൂൾ ശാക്തീകരണ പരിപാടിയുടെ തുടർച്ചയായാണ് പരിശീലനം സംഘടിപ്പിച്ചിരിക്കുന്നത്. വിദ്യാഭ്യാസ വിദഗ്ധരായ ഡോ. ടി.പി. കലാധരൻ, ഡോ.ആർ.വിജയമോഹനൻ, ഡോ.പി.പ്രമോദ് എന്നിവരുടെ നേതൃത്വത്തിൽ സംസ്ഥാനതലത്തിൽ നടത്തിയ അവസ്ഥാ പഠനത്തിന്റെ കണ്ടെത്തലുകളുടെയും, എസ്സിഇആർടി തയാറാക്കിയ കളിപ്പാട്ടം കൈപ്പുസ്തകത്തിന്റെയും അടിസ്ഥാനത്തിലാണ് താലോലം എന്ന കൈപ്പുസ്തകം തയാറാക്കിയിട്ടുള്ളത്. ഇതിന്റെ ഉള്ളടക്കം അടിസ്ഥാനമാക്കിയുള്ള അധ്യാപക ശാക്തീകരണമാണ് ജില്ലയിൽ നടക്കുന്നത്. കോവിഡ് പ്രോട്ടോകോൾ പാലിച്ച് അടൂർ, പത്തനംതിട്ട, പുല്ലാട്, കോഴഞ്ചേരി എന്നീ നാലു കേന്ദ്രങ്ങളിലായാണ് പരിശീലനം സംഘടിപ്പിച്ചിട്ടുള്ളത്. ബിആർസി ട്രെയിനർമാരായ എ. ഷാദം, ബിജി വർഗീസ് എന്നിവർ റിസോഴ്സ് പേഴ്സൺസായി പ്രവർത്തിച്ചു വരുന്നു.

ഇരവിപേരൂർ ഗവ.എൽപി സ്കൂളിൽ നടക്കുന്ന അധ്യാപക പരിശീലനത്തിൽ ജില്ലാ പ്രോഗ്രാം ഓഫീസർ പി.എ. സിന്ധു കോ–ഓർഡിനേറ്ററായി പ്രവർത്തിക്കുന്നു. സമഗ്രശിക്ഷ കേരളയുടെ ജില്ലാ പ്രോജക്ട് കോ–ഓർഡിനേറ്റർ കെ.വി.അനിൽ, സംസ്ഥാന പ്രോഗ്രാം ഓഫീസർമാരായ കെ.ജെ.ഹരികുമാർ, ഡോ.പി.പ്രമോദ്, ഡയറ്റ് പ്രിൻസിപ്പൽ പി.പി.വേണുഗോപാൽ, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം കോ–ഓർഡിനേറ്റർ എസ്. രാജേഷ്, പുല്ലാട് എഇഒ ബി.ആർ. അനില, മുൻ ഡി.പി.ഒ ഡോ.ആർ.വിജയമോഹനൻ എന്നിവർ സംസാരിച്ചു. (പിഎൻപി 4187/20)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.